## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *95 | 03-12-2018 -ൽ മറുപടിക്ക്

### വീടുകളുടെ പുനർനിർമ്മാണത്തിന് നേരിടുന്ന തടസ്സങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ് | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | പ്രളയത്തിൽ നശിച്ച വീടുകളുടെ പുനർനിർമ്മാണം ഏതെങ്കിലും പ്രദേശത്ത് തടഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) & ബി) | പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് സർക്കാർ ശാസ്ത്രീയമായ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ പ്രസ്തുത പഠനം / വിശകലനം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതയുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല. വെള്ളപ്പൊക്കം മൂലവും മണ്ണിടിച്ചിൽ മൂലവും നിരവധി ആളുകളുടെ വീടുകൾ പൂർണ്ണമായും തകർന്ന് പോയിട്ടുണ്ട്. ചില കുടുംബങ്ങൾക്ക് വീടും ഭൂമിയും തന്നെ നഷ്ടപ്പെട്ടിട്ടുണ്ട്. പുഴപുറമ്പോക്കിലും മറ്റും താമസിച്ചിരുന്നവർക്ക് അവിടെ വീട് പുനർ നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ബാധിക്കുമെന്ന് വ്യക്തമായ സ്ഥലങ്ങളിൽ വീടുകൾ പുനർ നിർമ്മിക്കാൻ കഴിയില്ല.<br>പാരിസ്ഥിതികമായി ദുർബ്ബലവും വാസയോഗ്യമല്ലാത്തതുമായ പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നൽകുവാൻ കഴിയില്ല. ഇത്തരം പ്രദേശങ്ങളിലുള്ള ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി കണ്ടെത്താനുള്ള നടപടികൾ പുരോഗമിക്കുന്നു. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി, വിവിധ സർക്കാർ |
| ബി) | ഉണ്ടെങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| | | | വകുപ്പുകളുടെ കൈവശമുള്ള ഭൂമി, നിലവിൽ ഫലദായകമല്ലാത്ത പ്ലാന്റേഷനുകൾ തുടങ്ങിയവയിലും വ്യക്തികളോ സന്നദ്ധ സംഘടനകളോ സ്ഥാപനങ്ങളോ സംഭാവനയായി നൽകുന്ന ഭൂമിയിലും ഇവരെ പുനരധിവസിപ്പിക്കുന്നതിനാണ് പരിഗണന നൽകുന്നത്. ഇത്തരം സ്ഥലങ്ങൾ പാരിസ്ഥിതികമായി വീട് വയ്ക്കുന്നതിന് അനുകൂലമെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമാക്കുന്നത്.<br>മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ളഡ് മാപ്പിംഗ് നടത്തുന്നതിന് CWRDM (Centre for Water Resources Development and Management), KFRI (Kerala Forest Research Institute), School of Environmental Sciences M.G. University, KSRSEC (Kerala State Remote Sensing and Environment Centre) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വീട് നഷ്ടപ്പെട്ടവരെയും പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെയും പുനരധിവ സിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. |
| (സി) | ഭവന രഹിതരായവരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അടിയന്തരമായി ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഇത്തരം ആൾക്കാരെ കണ്ടെത്തുന്നതിനുള്ള വിശദമായ സർവ്വേ വാളണ്ടിയർമാരുടെ സഹായത്തോടെ പൂർത്തിയാക്കിയിരുന്നു. നഷ്ടം സംഭവിച്ച വീടിന്റെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരശേഖരണം നടത്തി. ഇത് തദ്ദേശ ഭരണസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് തദ്ദേശഭരണ സെക്രട്ടറിയുടെ |

| | | | |
|---|---|---|---|
| | | | അംഗീകാരത്തോടെ നാശനഷ്ടം തിട്ടപ്പെടുത്തി. കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനുമധികം ഇങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചാണ് നാശനഷ്ടം കണക്കാക്കിയത്. ഇതിൽ 75%ത്തിലുമധികം നാശനഷ്ടം സംഭവിച്ച വീടുകളെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട വിഭാഗമായാണ് പരിഗണിച്ചത്. പൂർണ്ണമായും വീട് നഷ്ടപ്പെട്ട എല്ലാ കേസുകളിലും റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഒരിക്കൽക്കൂടി പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.<br>വീട് പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സമ്മതപത്രം നൽകിയ സ്വന്തമായി ഭൂമിയുള്ളവർക്ക് ആദ്യ ഗഡു തുക നൽകുന്ന പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ പുരോഗമിച്ചു വരുന്നു. ഭാഗികമായി നാശനഷ്ടം നേരിട്ട വീടുകളിൽ 30-59%, 60-74% എന്നീ തോതിലുള്ള കേടുപാടുകളുണ്ടായവയ്ക്ക്, അനുവദ നീയമായ ധനസഹായം രണ്ടു ഗഡുക്കളായി വിതരണം ചെയ്യുവാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുനരധിവാസത്തിനായി ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ സന്നദ്ധ സംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ നടപടിക്രമം പാലിച്ചുകൊണ്ട് സ്വീകരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്ന ഭൂമിയിൽ വീടുകൾ / ഫ്ളാറ്റുകൾ നിർമ്മിച്ചുകൊണ്ട് പുനരധിവാസത്തിന് ഊന്നൽ നൽകുന്നതാണ്. ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും, സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, പരിസ്ഥിതി അവലോകന വിദഗ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഇവരുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ ശിപാർശയുടെ വെളിച്ചത്തിൽ മേൽ വിഷയം സംബന്ധിച്ച് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയാണ് തീരുമാനം കൈക്കൊള്ളുക. |

സെക്ഷൻ ഓഫീസർ